കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 10 | ലക്കം 8 | ആഗസ്റ്റ് 15 2022

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 സുരക്ഷിത ഭക്ഷണത്തോടൊപ്പം ഭക്ഷണത്തിലെ വൈവിധ്യവും ഉറപ്പുവരുത്തണം: കൃഷിമന്ത്രി പി. പ്രസാദ്

3 കാന്തല്ലൂരിൽ സവാളകൃഷി സാധ്യതകളുമായി കേരള കാർഷിക സർവ്വകലാശാല

5 മൃഗ സംരക്ഷണ വകുപ്പിൽ എല്ലാ ബ്ലോക്കുകളിലും ആംബുലൻസ് സൗകര്യം ലഭ്യമാക്കും :

## പഴം പച്ചക്കറികൾ ഇനി ശീതീകരിച്ച വാഹനങ്ങളിൽ

കൃഷി വകുപ്പിന്റെ കാർഷിക വിപണി ശാക്തീകരിക്കൽ പദ്ധതിപ്രകാരം പഴം-പച്ചക്കറി വിപണനത്തിനായി ശീതീകരണ സംവിധാനം ഉള്ള 10 വാഹനങ്ങളുടെ ഫ്ളാഗ് ഓഫ് കർമ്മം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റ് അങ്കണത്തിൽ നിർവഹിച്ചു.

ഈ പദ്ധതി പ്രകാരം വിവിധ ജില്ലകളിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, ഹോർട്ടികോർപ്പ്, കാർഷികോത്പാദക സംഘങ്ങൾ എന്നിവരാണ് ഗുണഭോക്താക്കൾ. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് 50 ശതമാനം സബ്സിഡി നിരക്കിലും മറ്റ് ഏജൻസികൾക്ക് 100 ശതമാനം സബ്സിഡി നിരക്കിലും ആണ് വാഹനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. ആകെ 19 വാഹനങ്ങൾ ഉള്ളതിൽ ആദ്യഘട്ടത്തിലെ 10 വാഹനങ്ങളാണ് ഇന്ന് നിരത്തിലിറങ്ങിയത്. കേരള ലാൻഡ് ഡെവലപ്മെന്റ് കോർപറേഷൻ ആണ് പദ്ധതി നിർവഹണ ഏജൻസി.

1200 സിസി യുള്ള റീഫർ വാനുകളാണ് വാഹനം. 800 കിലോഗ്രാം വരെ ഭാരം ചുമക്കാനുതകുന്ന വാഹനങ്ങളിൽ 6 മുതൽ 8 ഡിഗ്രി വരെ താപനിലയിൽ പഴം പച്ചക്കറികൾ 6 മണിക്കൂർ വരെ ഫ്രഷ് ആയി തന്നെ സൂക്ഷിക്കുവാനാകും. വിവിധ ജില്ലകൾക്ക് നൽകിയ വാഹനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. തിരുവനന്തപുരം നന്ദിയോട് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കൊല്ലം ജില്ലാ കന്നുകാലി ആൻഡ് ഹോർട്ടികൾച്ചർ പ്രൊഡ്യൂസേഴ്സ് മാർക്കറ്റിംഗ് സൊസൈറ്റി ഇട്ടിവാ, പത്തനംതിട്ട എലത്തൂർ സർവീസ് സഹകരണ ബാങ്ക്, കോയിപ്ര ഫാർമർ എക്സ്റ്റൻഷൻ ഓർഗനൈസേഷൻ, ആലപ്പുഴ ഭരണിക്കാവ് സർവീസ് സഹകരണ ബാങ്ക്, കഞ്ഞിക്കുഴി പി ഡി എസ്, ഹോർട്ടികോർപ്പ്, കോട്ടയം നീലോർ പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്, ഇടുക്കി മംഗളം സർവീസ് സഹകരണ ബാങ്ക്, 2. നെയ്ശ്ശേരി അഗ്രോ ഫുഡ് പ്രൊഡ്യൂസർ കമ്പനി.




ചീഫ് എഡിറ്റർ - സൂരജ് എസ്.
എഡിറ്റർ - ഡോ. ആശ റ്റി.റ്റി.
അസോസിയേറ്റ് എഡിറ്റർ - ബി.കെ. അനിൽ
അസിസ്റ്റന്റ് എഡിറ്റർ - വിഷ്ണു എസ്.പി.



ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പാക്കുന്ന എക്കോ ക്ലബ്ബുകളുടെ അപ്പക്സ് ബോഡിയായ ദേശീയ ഹരിത സേനയുടെ 2022 വർഷത്തെ ജില്ലയിലെ പരിസ്ഥിതി പ്രവർത്തനങ്ങളുടെ ഉദ്ഘാടനം പട്ടം സെൻറ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് ബഹു കൃഷി വകുപ്പ് മന്ത്രി ശ്രീ പി. പ്രസാദ് ഉദ്ഘാടനം നിർവഹിക്കുന്നു .

# സുരക്ഷിത ഭക്ഷണത്തോടൊപ്പം ഭക്ഷണത്തിലെ വൈവിധ്യവും ഉറപ്പുവരുത്തണം : കൃഷിമന്ത്രി പി. പ്രസാദ്

നല്ല ഭക്ഷണം ഉറപ്പാക്കുന്നതിനൊപ്പം ഭക്ഷണത്തിലെ വൈവിധ്യത്തിന് കൂടി നമ്മൾ ഊന്നൽ നൽകണമെന്ന് കൃഷിമന്ത്രി ശ്രീ. പി. പ്രസാദ് അഭിപ്രായപ്പെട്ടു. നമുക്ക് ആവശ്യമായ അരിയുടെ 80 ശതമാനവും അയൽ സംസ്ഥാനങ്ങളിൽ നിന്നുമാണ് എത്തുന്നത്. എന്നാൽ മറ്റു ഭക്ഷ്യ വിഭവങ്ങൾ കൃഷി ചെയ്ത് എടുക്കുവാനും സ്വയംപര്യാപ്തത കൈവരിക്കുവാനുമുള്ള സാഹചര്യം ആണ് നിലവിൽ സംസ്ഥാനത്തുള്ളത്. പഴം-പച്ചക്കറി, കിഴങ്ങുവർഗ്ഗവിളകൾ, ചെറുധാന്യങ്ങൾ എന്നിവ കൃഷി ചെയ്ത് ഭക്ഷണക്രമത്തിലെ വൈവിധ്യം വർധിപ്പിക്കുകയാണെങ്കിൽ അരിയാഹാരത്തിന്റെ ദൗർലഭ്യം ഏറെക്കുറെ പരിഹരിച്ച് ഭക്ഷ്യസുരക്ഷ നമുക്കു റപ്പാക്കാൻ കഴിയുമെന്ന് അദ്ദേഹം പറഞ്ഞു. കേരള ഗസറ്റഡ് ഓഫീസേഴ്സ് ഫെഡറേഷൻ തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഇരുപത്തിയേഴാമത് കെ ജി ഒ എഫ് സ്ഥാപക ദിനം പുലയനാർകോട്ടയിലെ സർക്കാർ കെയർ ഹോമിൽ വച്ച് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. കെ ജി ഒ എഫ് സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ. എസ്. സജികുമാർ ചടങ്ങിന് അധ്യക്ഷത വഹിച്ചു.

പുലയനാർകോട്ട വൃദ്ധ സദനത്തിലെ രണ്ട് ഏക്കർ സ്ഥലത്ത് വിവിധ പഴം -പച്ചക്കറികളുടെ വിളകൾക്കുള്ള കൃഷിക്കു സമാരംഭം കുറിച്ചുകൊണ്ടാണ് കെ ജി ഒ എഫ് ആഗസ്റ്റ് 10 സ്ഥാപക ദിനം ആഘോഷിച്ചത്. ഭക്ഷ്യസുരക്ഷയ്ക്കൊപ്പം സുരക്ഷിത ഭക്ഷണ ലഭ്യതയും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനസർക്കാർ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായാണ് കെജിഒ എഫ് സർക്കാർ കെയർ ഹോമിൽ കൃഷി നടത്തുവാൻ തീരുമാനിച്ചത് .

സംഘടനയുടെ പിറന്നാൾ ദിനം ആഘോഷിക്കുന്നതിന് തിരഞ്ഞെടുത്ത സ്ഥലവും പദ്ധതിയും ഏറെ പ്രസക്തമായ താണെന്ന് ഉദ്ഘാടനപ്രസംഗത്തിൽ മന്ത്രി സൂചിപ്പിച്ചു. കഴിക്കുന്ന ഭക്ഷണം വില്ലനായി മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സുരക്ഷിത ഭക്ഷണ ലബ്ധിക്കായി എന്തുകൊണ്ട് സ്വയം കൃഷി ചെയ്തു കൂട എന്ന ചോദ്യത്തിന് ഉത്തരം നൽകിയിരിക്കുകയാണ് ജീവനക്കാരുടെ കൂട്ടായ്മയെന്നും മന്ത്രി പറഞ്ഞു.

കെയർ ഹോമിൽ തരിശുകിടന്ന രണ്ട് ഏക്കർ സ്ഥലമാണ് വെട്ടിത്തെളിച്ച് വിവിധങ്ങളായ കാർഷികവിളകൾ കൃഷി ചെയ്യുവാൻ ആരംഭിച്ചിരിക്കുന്നത്. ഇതിനായി കെയർ ഹോമിൽ ഒരു കൃഷി ക്ലബ്ബും രൂപീകരിച്ചിട്ടുണ്ട് . ഉദ്ഘാടന ചടങ്ങിൽ കെ ജി ഒ എഫ് സംസ്ഥാന സെക്രട്ടറി ബിനു പ്രശാന്ത്, സംസ്ഥാന കമ്മിറ്റി അംഗം മനു കെ ജി, കെയർ ഹോം സൂപ്രണ്ട് വി പ്രകാശ് കുമാർ,കൃഷി ക്ലബ്ബ് കൺവീനർ മുരളീധരൻ, ജില്ലാ സെക്രട്ടറി സുമൻ ബി എസ്, ജില്ലാ പ്രസിഡന്റ് വിഷ്ണു എസ് പി എന്നിവർ സംസാരിച്ചു.

# കാന്തല്ലൂരിൽ സവാളകൃഷി സാധ്യതകളുമായി കേരള കാർഷിക സർവ്വകലാശാല

വിള വൈവിധ്യം കൊണ്ടും ശീതകാല പഴം പച്ചക്കറി കൃഷിയിലൂടെയും പ്രശസ്തമായ കാന്തല്ലൂർ ഗ്രാമങ്ങളിൽ ഇനി സവാളയും വിളയും. കാന്തല്ലൂരിൽ സവാള കൃഷി സാധ്യമാക്കുക എന്നത് കർഷകരുടെ ഒരു ചിരകാല സ്വപ്നമായിരുന്നു. ഈ ആവശ്യം മുൻനിർത്തി കഴിഞ്ഞ മൂന്ന് വർഷക്കാലമായി കാന്തല്ലൂരിൽ സാവാള കൃഷിക്കായി ഏറ്റവും അനുയോജ്യമായ കാലവും കൃഷിരീതികളും കണ്ടെത്തുന്നതിനു വേണ്ടുന്ന ഗവേഷണങ്ങൾ കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ പുരോഗമിക്കുകയായിരുന്നു. കാന്തല്ലൂർ, കീഴാന്തൂർ പെരുമല, വെട്ടുകാട് എന്നീ പ്രദേശങ്ങളിലായി 10 കർഷകരുടെ തോട്ടങ്ങളിലാണ് പരീക്ഷണ കൃഷി നടത്തിയിരുന്നത്. പരീക്ഷണങ്ങളിലൂടെ ഫെബ്രുവരി മുതൽ ജൂലൈ വരെയുള്ള സമയമാണ് കാന്തല്ലൂർ മേഖലയിൽ സവാള കൃഷിക്ക് ഏറ്റവും അനുയോജ്യം എന്ന് കണ്ടെത്തി.

അർക്ക പ്രഗതി, അർക്ക ബിന്ദു മുതലായ 12 സവാള ഇനങ്ങളാണ് ഈ മഴനിഴൽ പ്രദേശത്ത് പരീക്ഷിച്ചത്. ഈ കഴിഞ്ഞ ജൂലൈയിൽ നടന്ന വിളവെടുപ്പിൽ എല്ലാ ഇനങ്ങളും മികച്ച വിളവാണ് നൽകിയത്. കർഷകർക്ക് കൗതുകമായി വെള്ള സവാള ഇനങ്ങളും ഇതിൽ ഉണ്ടായിരുന്നു.

കാന്തല്ലൂർ, കീഴാന്തൂർ എന്നിവിടങ്ങളിൽ നടത്തിയ വിളവെടുപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് പി.ടി. മോഹൻദാസ് ഉദ്ഘാടനം ചെയ്തു. 95 ശതമാനം ചെടികളിലും സവാള രൂപാന്തരപ്പെടുകയും 60 മുതൽ 90 ഗ്രാം വരെ തൂക്കമുള്ള സവാളകൾ ലഭിക്കുകയും ചെയ്തു. ഒരു ഹെക്ടറിൽ നിന്നും ഏകദേശം 22 ടൺ  വിളവാണ് ലഭിച്ചത്.

ഗവേഷണത്തിന് നേതൃത്വം നൽകിയ ഡോ.ജലജ എസ് മേനോൻ പദ്ധതിയെകുറിച്ചും സവാള കൃഷി രീതിയെകുറിച്ചും വിവരിച്ചു. കർഷകനായ ശ്രീ വെട്രിവേൽ, കർഷകരുടെ അതിയായ സന്തോഷവും നന്ദിയും രേഖപ്പെടുത്തി. കഴിഞ്ഞ മൂന്ന് വർഷത്തെ അനുഭവത്തിൽ ലളിതമായ പരിചരണ മുറകളിലൂടെ ലാഭകരമായി സവാള കൃഷി കാന്തല്ലൂരിലും സാധ്യമാകും എന്നത് കർഷകരെ ആവേശഭരിതരാക്കിട്ടുണ്ട്.



# ആഫ്രിക്കൻ സൈ്വൻ ഫീവർ – 52.23 ലക്ഷം രൂപ നഷ്ടപരിഹാരം നൽകി




വയനാട്, കണ്ണൂർ ജില്ലകളിൽ റിപ്പോർട്ട് ചെയ്ത ആഫ്രിക്കൻ സൈ്വൻ ഫീവറിന്റെ നിയന്ത്രണ നടപടികളുടെ ഭാഗമായി ഉന്മൂലനം ചെയ്യേണ്ടി വന്ന പന്നികളുടെ നഷ്ടപരിഹാരത്തുക മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി കർഷകർക്ക് വിതരണം ചെയ്തു. നഷ്ടപരിഹാരത്തുക 50% കേന്ദ്ര സർക്കാരും 50% സംസ്ഥാന സർക്കാരുമാണ് വഹിക്കേണ്ടത്. എന്നാൽ കർഷകരുടെ സാമ്പത്തിക നഷ്ടം കണക്കിലെടുത്ത്, കേന്ദ്ര വിഹിതത്തിനായി കാത്തുനിൽക്കാതെ നിശ്ചിത ഇനത്തിൽ ആവശ്യമായ തുക മൃഗസംരക്ഷണ വകുപ്പിന്റെ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കുകയാണ് ചെയ്തത്. ഇത് പ്രകാരം വയനാട് ജില്ലയിലെ ഏഴ് കർഷകർക്ക് 37,17,751/- രൂപയും, കണ്ണൂർ ജില്ലയിലെ രണ്ടു കർഷകർക്ക് 15,15,600/- രൂപയും ആണ് സർക്കാർ അനുവദിച്ചത്. സംസ്ഥാനത്ത് നിലവിൽ രോഗം നിയന്ത്രണവിധേയമാണ്. അയൽസംസ്ഥാനമായ കർണ്ണാടകയിൽ രോഗം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലും മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാരുടെ മാതൃകാപരമായ സേവനം നൽകുവാൻ കഴിഞ്ഞു എന്നതും അഭിനന്ദനാർഹമാണെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. മികച്ച സേവനം നടത്തിയ ഉദ്യോഗസ്ഥർക്ക

# ഒരു ലക്ഷം കൃഷിയിടങ്ങളിൽ കൃഷി ആരംഭിച്ച് കർഷക ദിനാഘോഷം

ഇത്തവണത്തെ ചിങ്ങം 1 കർഷക ദിനാഘോഷവുമായി ബന്ധപ്പെട്ട് ഒരു ലക്ഷം കൃഷിയിടങ്ങളിൽ വിവിധ കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന് കൃഷിമന്ത്രി പി.പ്രസാദ് പറഞ്ഞു. ഇതിന്റെ ഭാഗമായി ഒരു ലക്ഷം പ്രാദേശിക തല ഉത്ഘാടനങ്ങളും നടക്കുന്നതാണ്. കാലാവസ്ഥയും ഓരോ പ്രദേശത്തിന്റെ സാധ്യതകളെയും കണക്കിലെടുത്ത് അതാതു സ്ഥലങ്ങളിലുള്ള പ്രാദേശികമായ കൃഷി തെരഞ്ഞെടുക്കാം. മികച്ച രീതിയിൽ കർഷക ദിനാഘോഷം സംഘടിപ്പിക്കുന്ന കൃഷി ഭവനുകളെ ബ്ലോക്ക് തലത്തിൽ തിരഞ്ഞെടുക്കണമെന്നും ഇന്ന ചേർന്ന ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തിൽ തീരുമാനിച്ചു.

ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി ഇതിനകം തന്നെ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് കൃഷി കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഈ കൃഷി കൂട്ടങ്ങളുടെയും മറ്റു കർഷകരുടേയും നേതൃത്വത്തിലായിരിക്കും പുതുതായി കൃഷിയിറക്കുക. സംസ്ഥാന കർഷക ദിനാഘോഷത്തിന്റെയും കർഷക അവാർഡ് വിതരണത്തിന്റെയും ഒരു ലക്ഷം കാർഷിക പ്രവർത്തനങ്ങളുടെ പ്രഖ്യാപനവും ആഗസ്റ്റ് 17 ന് തിരുവനന്തപുരം നിശാഗന്ധി ആഡിറ്റോറിയത്തിൽ വച്ച് നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി നിർവ്വഹിക്കും. ഇതോടൊപ്പം ബ്ലോക്ക് തലത്തിൽ പുതുതായി ആരംഭിക്കുന്ന കൃഷിമന്ത്രിയുടെ കർഷക സമ്പർക്ക പരിപാടിയായ കൃഷിദർശന്റെയും ഉദ്ഘാടനം നടത്തപ്പെടുന്നതാണ്.

# വെള്ളായണി കാർഷിക കോളേജിൽ കർഷക ദിനാചരണവും പുസ്തക പ്രകാശനവും

ചിങ്ങം 1 കർഷക ദിനാചരണത്തിന്റെ ഭാഗമായി കാർഷിക കോളേജ് വെള്ളായണിയിൽ കർഷകരെ ആദരിക്കുകയും, സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിന്റെ 'സംയോജിത കൃഷി : വിവിധ സംരംഭങ്ങളുടെ സാമ്പത്തിക അവലോകനം' എന്ന പുസ്തകത്തിന്റെ പ്രകാശനവും നടക്കുകയുണ്ടായി. കാർഷിക കോളേജ് ഡീൻ ഡോ.റോയ് സ്റ്റീഫൻ അധ്യക്ഷത വഹിച്ച യോഗത്തിന്റെ ഉദ്ഘാടനം കല്ലിയൂർ ഗ്രാമപഞ്ചായത് പ്രസിഡന്റ് ശ്രീ .ചന്ദു കൃഷ്ണ നിർവഹിച്ചു. പത്തു സെന്റിൽ വളരെ ഫലപ്രദമായ രീതിയിൽ സംയോജിത കൃഷി നടത്തുന്ന ശ്രീ. ഗംഗാധരൻ ആറ്റിപ്ര, മികച്ച ജൈവകർഷകയായ ശ്രീമതി. സിമി ഷാജി, കുറിച്ചൽ എന്നീ കർഷകരെ പരിപാടിയിൽ ആദരിച്ചു. കാർഷിക ബിരുദ വിദ്യാർത്ഥികൾക്കുള്ള വിവിധ പരിപാടികളിലെ മത്സരവിജയികളെയും ചടങ്ങിൽ അനുമോദിച്ചു. കെ.എ.യു.



ജനറൽ കൗൺസിൽ അംഗം ഡോ. തോമസ് ജോർജ്, വെള്ളായണി ദക്ഷിണമേഖല പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രത്തിന്റെയും, സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിന്റെയും മേധാവി ഡോ. ജേക്കബ് ജോൺ എന്നിവർ ചടങ്ങിന് ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ട്രെയിനിങ് സർവീസ് സ്കീം അസിസ്റ്റന്റ് പ്രൊഫസർ ഡോ. സംഗീത കെ.ജി. സ്വാഗതവും, അസിസ്റ്റന്റ് പ്രൊഫസറും, പി.ആർ.ഒ യുമായ ഡോ.സ്മിത കെ.പി. നന്ദിയും പ്രകാശിപ്പിച്ചു.

# മൃഗ സംരക്ഷണ വകുപ്പിൽ എല്ലാ ബ്ലോക്കുകളിലും ആംബുലൻസ് സൗകര്യം ലഭ്യമാക്കും :

ബ്ലോക്കുകളിലും ആധുനിക ചികിത്സാ സൗകര്യങ്ങളോട് കൂടിയ മൊബൈൽ ആംബുലേറ്ററി ക്ലിനിക്കുകൾ ഉടൻതന്നെ ലഭ്യമാക്കുമെന്ന് മൃഗ സംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി. കേരള ഗസറ്റെഡ് ഓഫിസേഴ്സ് ഫെഡറഷന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 3,4 തീയതികളിൽ തിരുവനന്തപുരം വെറ്റിനറി കൗൺസിലിൽ വച്ചു നടക്കുന്ന ദ്വിദിന ശില്പശാല ഉത്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. മൃഗ സംരക്ഷണ വകുപ്പിന്റെ പുന : സംഘടന,ശാക്തീകരണം, ആധുനിക വൽക്കരണം എന്നിവ സംബന്ധിച്ച കരട് റിപ്പോർട് തയ്യാറാക്കുകയും സർക്കാരിന് സമർപ്പിക്കുകയും



ചെയ്യുകയായിരുന്ന ശിൽപ്പശാലയുടെ ലക്ഷ്യം. സംസ്ഥാനത്തു 24 മണിക്കൂർ പ്രവർത്തിക്കുന്ന വിളക്കണയാത്ത മൃഗശുപത്രികളിൽ ഡോക്ടർമാരുടെ സേവനം ഉറപ്പ് വരുത്തുമെന്നും മന്ത്രി അറിയിച്ചു. കർഷകന്റെ വീട്ടു പടിക്കൽ ചികിത്സ എത്തിക്കുന്നതിനായി എല്ലാ സജ്ജീകരണങ്ങളും ചെയ്തു വരുന്നതായും ഇതിലേക്കായി 13 കോടി വകയിരുത്തിയിട്ടുള്ളതായും മന്ത്രി അറിയിച്ചു. ഒരു മാസത്തിനകം 100 ആംബുലൻസുകൾ പ്രവർത്തന സജ്ജമാകുമെന്നും മന്ത്രി അറിയിച്ചു. മൃഗ സംരക്ഷണ വകുപ്പിന്റെ പുന : സംഘടന നടപ്പാക്കാൻ സർക്കാർ പ്രതിജ്ഞ ബദ്ധമാണെന്നും മന്ത്രി അറിയിച്ചു. മൃഗശുപത്രികളിലെ രജിസ്റ്ററുകളുടെ എണ്ണം കുറക്കുമെന്നും കാലോചിതമായി പരിഷ്കരിക്കുമെന്നും ക്ലിനിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ജോലിയും ഉത്തരവാദിത്വവും വ്യക്തമായി നിർവചിക്കുമെന്നും കർഷർക്കായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുമെന്നും മന്ത്രി അറിയിച്ചു. വിദഗ്ധന്മാർ ഉൾപ്പെടെ സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിൽ നിന്നുമായി 35 പേരാണ് രണ്ടു ദിവസത്തെ ശിൽപ്പാശാലയിൽ പങ്കെടുത്തത്.

# അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി സംഭരണം ശക്തിപ്പെടുത്തും : ഹോർട്ടികോർപ്പ്

ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കി കർഷകർക്ക് ന്യായവില നൽകി പഴം- പച്ചക്കറികൾ സംഭരിച്ച് മിതമായ വിലയ്ക്ക് ഉപഭോക്താക്കളിൽ എത്തിച്ചു കൊടുക്കുന്ന ദൗത്യമാണ് ഹോർട്ടികോർപ്പ് നിർവ്വഹിച്ചു വരുന്നത്. സംസ്ഥാനത്തെ കൃഷിവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മൊത്തവ്യാപാര വിപണികൾ, കർഷകർ, കർഷക കൂട്ടായ്മകൾ എന്നിവരിൽനിന്നും ഹോർട്ടികോർപ്പ് പഴം- പച്ചക്കറികൾ സംഭരി ക്കുന്നുണ്ട്. ഇതുകൊണ്ടുതന്നെ ഹോർട്ടികോർപ്പിന്റെ വിപണന ശാലകളിൽ വിറ്റഴിക്കാൻ പറ്റുന്നതിലും അധികമായി പച്ചക്കറികൾ പലപ്പോഴും സംഭരി ക്കുന്നുണ്ട്. യഥാർത്ഥ കർഷകർക്ക് ഗുണം ലഭിക്കുന്നതിനായി എയിംസ് പോർട്ടൽ മുഖേന വിലസ്ഥിരതാ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് മാത്രമായി അംഗത്വം നൽകുന്ന കാര്യം പരിഗണനയിലാണെന്ന് ഹോർട്ടികോർപ്പ് ചെയർമാൻ അറിയിച്ചു. കർഷക മൊത്തവ്യാപാര വിപണികളിൽ നിന്നും ഹോർട്ടികോർപ്പ് പലപ്പോഴും വില്പന ശേഷിയെക്കാൾ അധികമായി സംഭരിക്കുന്നത് നിയന്ത്രിക്കേണ്ടി വരുമെന്നും ചെയർമാൻ ശ്രീ. എസ്. വേണു ഗോപാൽ അറിയിച്ചു. അധിക സംഭരണം നടത്തുന്ന അവസരങ്ങളിൽ പോലും സർക്കാർ നിശ്ചയിച്ച അടിസ്ഥാനവില കർഷകർക്ക് ഹോർട്ടികോർപ്പ് നൽകിവരുന്നുണ്ട്. മൊത്തവ്യാപാര വിപണികൾ വഴി ഹോർട്ടികോർപ്പിന് സംഭരിക്കാൻ കഴിയുന്ന അളവ് മുൻകൂട്ടി അറിയിച്ചാലും സംഭരണ ദിവസം മുൻ ധാരണയില്ലാതെ കർഷകർ കൊണ്ടുവരുന്ന മുഴുവൻ പച്ചക്കറികളും ഹോർട്ടികോർപ്പ് സംഭരിക്കേണ്ടതായി വരുന്നു. എന്നാൽ നിലവിൽ പലസ്ഥലങ്ങളിലും കോൾഡ് സ്റ്റോറേജ് സംവിധാനം നിലവിൽ വരുന്നതോടെ ഈ പ്രശ്നത്തിന് പരിഹാരം കാണാനാകുമെന്നും ചെയർമാൻ അറിയിച്ചു. രജിസ്റ്റർ ചെയ്തിട്ടുള്ള ഇരുപത്താറോളം കർഷക സംഘങ്ങളിൽ നിന്നും മറ്റു കർഷകരിൽ നിന്നും പച്ചക്കറി സംഭരണം നടത്തുന്നതിനാൽ സ്റ്റോറേജ് സംവിധാനങ്ങൾ വിപുലപ്പെടുത്താൻ ഹോർട്ടികോർപ്പ് പദ്ധതി ഇട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# ദേശീയ ഹരിത സേന ഇക്കോ ക്ലബ്ബ് ഉദ്ഘാടനം കൃഷിമന്ത്രി നിർവഹിച്ചു

ദേശീയ ഹരിത സേന ഇക്കോ ക്ലബ്ബുകളുടെ ജില്ലാതല ഉദ്ഘാടനവും ജൈവ പച്ചക്കറി തോട്ടത്തിലെ കൃഷിയും പട്ടം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ കൃഷി മന്ത്രി നിർവഹിച്ചു.

പരിസ്ഥിതിക്ക് ഏറെ പ്രാധാന്യമുള്ള ഒരു കാലഘട്ടത്തിലാണ് മനുഷ്യർ ജീവിക്കുന്നതെന്നും പരിസ്ഥിതിയിലെ ജീവന ഘടകങ്ങളെല്ലാം പരസ്പര പൂരകങ്ങളാണെന്നും ഉദ്ഘാടന ചടങ്ങിൽ മന്ത്രി അഭിപ്രായപ്പെട്ടു. പ്രകൃതി സംര



ക്ഷണത്തിനെ കുറിച്ച് കൂടുതൽ അറിവ് പകർന്ന് നൽകേണ്ടത് കുട്ടികൾക്കാണ്. അവർക്ക് അത് കൂടുതൽ പ്രയോഗത്തിൽ വരുത്തുവാനും കഴിയും. വാങ്ങൽ ശേഷി കൂടിയപ്പോൾ മനുഷ്യന് ജീവിതശൈലി രോഗങ്ങൾ വർധിക്കുവാൻ ഇടയായി. എന്തും കാശു കൊടുത്തു വാങ്ങാൻ കഴിയുമെങ്കിലും നല്ല ഭക്ഷണം കഴിക്കണമെങ്കിൽ സ്വന്തമായി കൃഷിചെയ്യേ മതിയാകൂ എന്നും മന്ത്രി അഭിപ്രായപ്പെട്ടു.

സ്കൂൾ പ്രിൻസിപ്പൽ ഫാദർ ബാബു ചടങ്ങിൽ അധ്യക്ഷം വഹിച്ചു. ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. അനുജ, പിടിഎ പ്രസിഡന്റ് ശ്രീ. സുനിൽകുമാർ, ഇക്കോ ക്ലബ്ബ് കോർഡിനേറ്റർമാരായ ശ്രീ. സന്തോഷ് പി മാത്യു, ശ്രീ. ബെന്നി, ഡോ. അനിൽകുമാർ, പ്രോഗ്രാം കോർഡിനേറ്റർ ഫാദർ ഗീവർഗീസ് സേവ്യർ, വൈസ് പ്രിൻസിപ്പൽ ശ്രീ. ബിജോയ് എന്നിവർ ചടങ്ങിൽ പങ്കെടുത്ത് സംസാരിച്ചു. ചടങ്ങിൽ മികച്ച കുട്ടി കർഷകനായ ആദർശിനെ മന്ത്രി ആദരിച്ചു. മാർഗ്രിഗോറിയസ്സ് ഹരിതപുരസ്കാരം കൃഷി ഓഫീസർ സഞ്ജീവിന് നൽകി. കൃഷി ഉദ്യോഗസ്ഥനായ ശ്രീ. സുരേഷിന് പ്രത്യേക ആദരവും മന്ത്രി നൽകി. ഇക്കോ ക്ലബ്ബ് കൺവീനർ ശ്രീമതി. മഹാലക്ഷ്മി പരിസ്ഥിതി പ്രതിജ്ഞ ചൊല്ലുകയുണ്ടായി.

# വിളനാശം കർഷകർ ചെയ്യേണ്ടതെല്ലാം

സംസ്ഥാനത്തുടനീളം കാലവർഷക്കെടുതി വലിയ നാശനഷ്ടങ്ങളാണ് കാർഷികമേഖലയിൽ ഉണ്ടാക്കിയിട്ടുള്ളത്. അഞ്ചുദിവസം നീണ്ടുനിന്ന അതിതീവ്ര മഴയിലും മണ്ണിടിച്ചിലിലും ഇതുവരെ 53 കോടിയുടെ നാശനഷ്ടങ്ങൾ കാർഷിക മേഖലയിൽ പ്രാഥമിക റിപ്പോർട്ട് പ്രകാരം വിലയിരുത്തിയിട്ടുണ്ട്. കൃഷിനാശം സംഭവിച്ച കർഷകർക്ക് വിവരങ്ങൾ അധികൃതരെ അറിയിക്കുന്നതിനും മറ്റു സഹായങ്ങളുമായി കൃഷിവകുപ്പ് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ഇതിനകംതന്നെ കൺട്രോൾ സെന്ററുകൾ തുറന്നിട്ടുണ്ട്.

### വിളനാശം സംഭവിച്ചാൽ എന്ത് ചെയ്യണം?

പ്രകൃതിക്ഷോഭം നിമിത്തം കാർഷികവിളകൾക്ക് വിള നാശം സംഭവിക്കുകയാണെങ്കിൽ കർഷകർ പ്രസ്തുത വിവരം സമീപത്തെ കൃഷിഭവനിൽ അറിയിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. കർഷകർക്ക് നേരിട്ടോ അല്ലെങ്കിൽ ഓൺലൈൻ സംവിധാനത്തിലൂടെയോ വിവരങ്ങൾ അറിയിക്കാവുന്നതാണ്. www.aims.kerala.gov.in എന്ന വെബ്ബ് പോർട്ടലിലൂടെ വിവരം കർഷകർക്ക് കൃഷിഭവൻ അധികൃതരെ അറിയിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ ലഭ്യമാണ്. AIMS ആപ്പ് ഇപ്പോൾ ഗൂഗിൾ പ്ലേ സ്റ്റോറിലും ലഭ്യമാണ്.

### കർഷക രജിസ്ട്രേഷൻ

AIMS പോർട്ടൽ വിവിധ സേവനങ്ങൾക്കായി ഉപയോഗിക്കുന്നതിനായി കർഷകർ ആദ്യം തന്നെ www.aims.kerala.gov.in എന്ന പോർട്ടലിൽ കർഷക രജിസ്ട്രേഷൻ നടത്തിയി രിക്കേണ്ടതാണ്. കർഷകന്റെ ഫോട്ടോ, ഭൂമിസംബന്ധമായ വിവരങ്ങൾ, ബാങ്ക് വിവരങ്ങൾ എന്നിവ അപ്‌ലോഡ് ചെയ്ത് കർഷക രജിസ്ട്രേഷൻ സ്വന്തമായോ അക്ഷയ സെന്ററുകൾ മുഖേനയോ കൃഷിഭവൻ മുഖാന്തിരമോ ചെയ്യാവുന്നതാണ്. കർഷക രജിസ്ട്രേഷൻ നടത്തിയതിന് ശേഷം ലഭിക്കുന്ന യൂസർ നെയിം, പാസ്‌വേഡ് എന്നിവ ഉപയോഗിച്ചായിരിക്കണം കർഷകർ പിന്നീട് വിളനാശം റിപ്പോർട്ട് ചെയ്യുന്നതിനും മറ്റു ആവശ്യങ്ങൾക്കുമായി AIMS പോർട്ടലിൽ പ്രവേശിക്കേണ്ടത്.

- **വിളകൾ ഇൻഷ്വർ ചെയ്യാത്ത കർഷകർ 10 ദിവസത്തിനുള്ളിലും ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർ 15 ദിവസത്തിനുള്ളിലും അപേക്ഷ സമർപ്പിക്കേണ്ടതാണ്.**
- **സ്ഥലപരിശോധന കഴിയുംവരെ നാശനഷ്ടം സംഭവിച്ച വിളകൾ അതേപടി നിലനിർത്തേണ്ടതാണ്.**
- **അർഹമായ നഷ്ടപരിഹാരം ഓരോ കർഷകന്റെയും ബാങ്ക് അക്കൗണ്ടിലേക്കായിരിക്കും നിക്ഷേപിക്കുക.**

## എയിംസ് പോർട്ടൽ സേവനങ്ങൾ

a. കർഷകർക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ നിന്നുള്ള സേവനങ്ങൾ ലഭിക്കുന്നതിനായി വെബ് പോർട്ടലിൽ നേരിട്ട് രജിസ്റ്റർ ചെയ്യാം.
b. സംസ്ഥാന സർക്കാരിന്റെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ പങ്കാളിയാകാൻ നേരിട്ട് അപേക്ഷ സമർപ്പിക്കാം.
c. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പോർട്ടൽ വഴി ഇൻഷ്വർ ചെയ്ത വിളകൾക്ക് പ്രകൃതിക്ഷോഭം വന്യജീവികളുടെ ആക്രമണം, രോഗ കീടബാധ എന്നിവമൂലം കൃഷി നാശം സംഭവിച്ചാൽ നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കാം.
d. പ്രകൃതിക്ഷോഭത്തിൽ വിള നാശം സംഭവിച്ചാൽ സംസ്ഥാന കേന്ദ്ര സർക്കാരിന്റെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരത്തിന് അപേക്ഷിക്കാം.
e. പ്രകൃതിക്ഷോഭം നടന്ന വിവരം ഉടനടി തന്നെ കൃഷിഭവനെ അറിയിക്കാം.
f. നെൽകൃഷിക്ക യോഗ്യമായ നിലത്തിന്റെ ഉടമകൾക്കുള്ള റോയൽറ്റി ആനുകൂല്യത്തിനായി അപേക്ഷിക്കാം
g. കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി അടിസ്ഥാനവില പദ്ധതിയിൽ അംഗമാകാൻ അപേക്ഷിക്കാം.

2 പോർട്ടൽ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് aimsagrikerala@gmail.com എന്ന ഇമെയിൽ വഴിയോ നിങ്ങളുടെ കൃഷിഭവനിലോ ബന്ധപ്പെടാവുന്നതാണ്

# ഒക്ടോബർ മാസം സംസ്ഥാനമൊട്ടാകെ കേര രക്ഷാ വാരം

**വിഷ്ണു. എസ്.പി.,**
അഗ്രികൾച്ചറൽ ഓഫീസർ,
ഫാം ഇൻഫർമേഷൻ ബ്യൂറോ

തെങ്ങ് നമ്മുടെ കല്പവൃക്ഷമാണെങ്കിലും ഭൂരിപക്ഷം തോട്ടങ്ങളും പരിചരണങ്ങൾ ഒന്നുമില്ലാതെ അവഗണിക്കപ്പെട്ട നിലയിലാണ് കാണപ്പെടുന്നത് . തൊഴിലാളി ക്ഷാമവും കൂലിച്ചെലവും തന്നെയാണ് പ്രധാന കാരണം. അതുകൊണ്ടുതന്നെ ഇപ്പോൾ കുള്ളൻ തെങ്ങുകളും ഹൈബ്രിഡ് ഇനങ്ങളും ആണ് ജനങ്ങൾക്ക് പ്രിയം. ഒരു പരിധി വരെ കുറച്ചു വർഷമെങ്കിലും വിളവെടുപ്പെല്ലാം സ്വയം ചെയ്യാമെന്നതാണ് പ്രധാന നേട്ടം. എന്നാൽ ഉയരം കുറഞ്ഞ ഇനങ്ങളിൽ കീടങ്ങളുടെ ആക്രമണം പൊതുവേ കൂടുതലാണുതാനും. നാടൻ തെങ്ങിനങ്ങളോട് കാണിക്കുന്ന അലക്ഷ്യ ഭാവം ഇത്തരക്കാരോട് കാണിച്ചാൽ പണി കിട്ടിയത് തന്നെ. നല്ല വളപ്രയോഗം മാത്രം പോരാ, മറ്റു ആരോഗ്യസംരക്ഷണ മുറകൾ കൂടി അവലംബിച്ചാലെ ഉദ്ദേശിച്ച ഫലം ലഭിക്കുകയുള്ളൂ.

തെങ്ങിന്റെ ആരോഗ്യ സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന്റെ ഭാഗമായി കൃഷിവകുപ്പ് ഒക്ടോബർ മാസം സംസ്ഥാനമൊട്ടാകെ കേരക്ഷാവാരാചരണം സംഘടിപ്പിച്ചിരിക്കുകയാണ്. തെങ്ങു സംരക്ഷണത്തിന് തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, കീടരോഗ നിയന്ത്രണം,പച്ചില വളപ്രയോഗം, ശീമക്കൊന്ന നടീൽ എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുക എന്നതാണ് വാരാചരണത്തിന്റെ പ്രധാന ലക്ഷ്യം.

ശീമക്കൊന്ന നടീൽ ഒരു പ്രത്യേക പദ്ധതിയായി തന്നെ കൃഷിവകുപ്പ് നടപ്പിലാക്കുകയാണ്. 50 ലക്ഷം തൈകൾ തൈ ഒന്നിന് രണ്ടു രൂപ ധനസഹായം നൽകിക്കൊണ്ട് സംസ്ഥാന മൊട്ടാകെയുള്ള തെങ്ങിൻ തോപ്പുകളിൽ നട്ടുപിടിപ്പിക്കുകയാണ്. 1960-കളിൽ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ജൂൺ - ജൂലൈ മാസങ്ങളിൽ ശീമക്കൊന്ന വാരാചരണം തന്നെ നടത്തിയിരുന്നു. തെങ്ങുകൾക്ക് ഉത്തമമായ ഒരു പച്ചിലവളം ആണ് ശീമക്കൊന്ന. ധാരാളം പൊട്ടാഷ് അടങ്ങിയിരിക്കുന്നതുകൊണ്ടുതന്നെ തെങ്ങിന്റെ ആരോഗ്യസംരക്ഷണത്തിന് ഉത്തമം.



മഴക്കാലം കഴിഞ്ഞാൽ തെങ്ങിൻ തടങ്ങളിൽ പുതയിടീൽ പതിവാണ്. ജൈവവസ്തുക്കൾ ക്കൊപ്പം പയർ വർഗ്ഗത്തിൽ പെട്ട ചെടികൾ വളർത്തിയും ഇത് സാധ്യമാക്കാറുണ്ട്. പാതി പൂത്തുകഴിഞ്ഞാൽ ഈ ചെടികൾ തെങ്ങിൻ തടത്തിൽ തന്നെ ഉഴുതു ചേർക്കുകയാണ് ചെയ്യുന്നത്. ചെറുപയർ, ഡെയിഞ്ച, സെസ്ബാനിയ തുടങ്ങിയ പച്ചിലവള ചെടികളുടെ വിത്തും കേരള രക്ഷാ വാരാചരണത്തിന്റെ ഭാഗമായി കർഷകർക്ക് നൽകുന്നുണ്ട്. തെങ്ങിൻ തടങ്ങളിൽ ഈ വിത്തുകൾ നടുന്നതിനായി തെങ്ങൊന്നിന് 6.25 രൂപ ധനസഹായവും നൽകുന്നു.

മറ്റൊരു പ്രധാന പ്രവർത്തനം കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി തുടങ്ങിയ കീടങ്ങൾക്കെതിരെയുള്ള പ്രതിരോധ മാർഗങ്ങളുടെ ബോധവൽക്കരണമാണ്. ഈ രണ്ട് കീടങ്ങളും നമ്മുടെ തെങ്ങിൻ തോപ്പുകളിലെ ഒരു പ്രധാന പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. എന്നാൽ അല്പം ശ്രദ്ധ കേന്ദ്രീകരിച്ചാൽ ഇവയുടെ ആക്രമണം ഉണ്ടാകാതെ തടയുവാനും തെങ്ങുകളെ സംരക്ഷിക്കുവാനും കഴിയും.

### പ്രധാന പ്രതിരോധ/ നിയന്ത്രണ മാർഗങ്ങൾ

- കൃത്യമായ ഇടവേളകളിൽ തെങ്ങിന്റെ മണ്ട വൃത്തിയാക്കുകയും ചെല്ലിക്കോൽ ഉപയോഗിച്ച് വണ്ടുകളെ കുത്തിയെടുത്ത് നശിപ്പിക്കുകയും ചെയ്യുക.
- നാമ്പോല ഉൾപ്പെടുന്ന ഭാഗം മീൻ വല ഉപയോഗിച്ച് മൂടുകയും വലയിൽ കുടുങ്ങുന്ന വണ്ടുകളെ നശിപ്പിക്കുകയും ചെയ്യുക.നാമ്പോലക്കു താഴത്തെ നാല് അഞ്ച് ഓല കവിളുകളിൽ കൂടി ഈ വല മുറിച്ച് ചുറ്റി വയ്ക്കുക.
- ചെറിയ തൈകളുടെ ചുവട്ടിൽ ചെമ്പൻ ചെല്ലിയുടെ ആക്രമണം ഉണ്ടാകുന്നുണ്ടോ എന്നുള്ളത് കൃത്യമായി നിരീക്ഷിക്കുക.
- * ചെല്ലിയുടെ പുഴുക്കൾ വളരാൻ സാധ്യതയുള്ള സമീപത്തെ വളക്കുഴി കളിൽ മെറ്റാറൈസിയം എന്ന ജൈവ കുമിളിന്റെ വിത്ത് കലക്കി തളിച്ചു കൊടുക്കുക.
- ചെമ്പൻ ചെല്ലിയുടെ ആക്രമണം ശ്രദ്ധയിൽപ്പെട്ടാൽ ആ ഭാഗം വൃത്തിയാക്കി ഇമിഡാക്ലോപ്രിഡ് എന്ന കീടനാശിനി ഒരു മില്ലി / ലിറ്റർ എന്ന തോതിൽ കലക്കി സുഷിരത്തിലൂടെ തടിക്കുള്ളിലേക്ക് ഒഴിക്കുക.
- ഓല വെട്ടുമ്പോൾ പച്ച മടലുകൾ ഒരു മീറ്ററെങ്കിലും നീളം നിർത്തി മാത്രം മുറിച്ചു മാറ്റുക.
- ഈ പ്രതിരോധ പ്രവർത്തനങ്ങൾ ഒരു പ്രദേശത്തെ എല്ലാ കർഷകരും ഒരുമിച്ചു സ്വീകരിക്കുകയാണെങ്കിൽ കീടങ്ങളുടെ സാന്നിധ്യം പൂർണമായി ഒഴിവാക്കാം.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sunilkumar R., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Asha T.T., Design & Layout : Maya Santhosh